**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2072** **21-06-2024 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് മെട്രോ റെയിൽ സ്ഥാപിക്കുന്നതിനുള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | കോഴിക്കോട് മെട്രോ റെയിൽ സ്ഥാപിക്കുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ടോ;എങ്കിൽ ഇത് സംബന്ധിച്ച് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ; | (എ) | ഉണ്ട്. കോഴിക്കോട് മെട്രോ റെയിൽ പദ്ധതിയുമായി ബന്ധപ്പെട്ട് വിശദ പദ്ധതി രേഖ തയ്യാറാക്കുന്നതിലേയ്ക്കായി കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് (KMRL)-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കോഴിക്കോട് നഗരത്തിന്റെ സമഗ്ര മൊബിലിറ്റി പ്ലാൻ [Comprehensive Mobility Plan(CMP)] തയാറാക്കുന്നതിന്റെ ഭാഗമായി ബഹു.പൊതുമരാമത്തും വിനോദ സഞ്ചാരവും വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം നടത്തുകയുണ്ടായി. പ്രസ്തുത സ്റ്റേക്ക് ഹോൾഡേഴ്സ് യോഗത്തിലെ നിർദ്ദേശം പരിഗണിച്ച് സമഗ്ര മൊബിലിറ്റി പ്ലാൻ, ആൾട്ടർനേറ്റീവ് അനാലിസിസ് റിപ്പോർട്ട്[Alternative Analysis Report] എന്നിവ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് തയ്യാറാക്കി വരികയാണ്. |
| (ബി) | പ്രസ്തുത പദ്ധതി വേഗത്തിൽ പ്രാവർത്തികമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (ബി) | 2017-ലെ പുതുക്കിയ മെട്രോ നയത്തിന് അനുസൃതമായി വിശദ പദ്ധതി രേഖ [Detailed Project Report (DPR)] രൂപപ്പെടുത്തുന്നതിലേക്കായി സമഗ്ര മൊബിലിറ്റി പ്ലാൻ, ആൾട്ടർനേറ്റീവ് അനാലിസിസ് റിപ്പോർട്ട്[Alternative Analysis Report] എന്നിവ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് തയ്യാറാക്കി വരികയാണ്. |
| (സി) | പ്രസ്തുത പദ്ധതിയോടൊപ്പം മൊബിലിറ്റി ഹബ് കൂടി സ്ഥാപിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ